**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3333** **04-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണത്തിലെ കൃത്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നെ അടിസ്ഥാനപ്പെടുത്തി ചുവടെ പറയുന്ന നടപടികൾ നടപ്പാക്കിയിട്ടുണ്ട് 1. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം വഴി വിതരണം നടത്തി വരുന്നു. വാതിൽപ്പടി വിതരണത്തിന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത് സപ്ലൈകോയെ ആണ്. 2. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും (കണക്ടിവിറ്റി ലഭ്യമല്ലാത്ത 19 കടകൾ ഒഴികെ) റേഷൻ സാധനങ്ങളുടെ വിതരണം ഇ-പോസ് മെഷീൻ മുഖാന്തിരമാക്കിയിട്ടുണ്ട്. 3. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കു വേണ്ടി അതേ കടയിലെ മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 4. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തൽസമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കുവാൻ സാധിക്കും. 5. റേഷൻ ഭക്ഷ്യ ധാന്യങ്ങളുടെ പ്രതിമാസ വിഹിതം സംബന്ധിച്ച് കാർഡുടമകളുടെ മൊബൈൽ ഫോണിലേക്ക് എസ്.എം.എസ് നൽകി വരുന്നു. 6. ദേശീയ ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു. 7. സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 8. |

| | | | |
|---|---|---|---|
| | | | ജില്ലാതല പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്മാരെ നിയോഗിച്ചു. 9. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO(North) ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ നടത്തി. 10. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു. 11. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരം ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനം ആരംഭിച്ചു. 12. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പൊതുവിതരണ മേഖലയെ അഴിമതി മുക്തമാക്കുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പ് തലത്തിൽ ഉണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമെ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ), ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധന നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധനകൾ നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 2021 ലെ TPDS (Control) Order പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡികളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്നും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികളും സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതുസംബന്ധിച്ച് പൊതുജനങ്ങൾ നൽകുന്ന പരാതികൾ യഥാസമയം തീർപ്പാക്കുന്നതിന് | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |

| | | | |
|---|---|---|---|
| | എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഇതിനായി രൂപീകരിച്ചിട്ടുള്ള ഭക്ഷ്യോപദേശക വിജിലൻസ് സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 ന്റെ സെക്ഷൻ 29 പ്രകാരം രൂപീകൃതമായ വിജിലൻസ് കമ്മിറ്റികളുടെ ചുമതലകൾ ചുവടെ പറയുന്നവയാണ്. 1. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013ൽ നിഷ്കർഷിക്കുന്ന എല്ലാ ആനുകൂല്യങ്ങളും പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുക. 2. പ്രസ്തുത നിയമത്തിന്റെ ചട്ടങ്ങൾ ലംഘിക്കപ്പെടുകയോ ഏതെങ്കിലും ഫണ്ടുകളുടെ ദുരുപയോഗമോ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ തല പരാതി പരിഹാര ഓഫീസർക്ക് രേഖാമൂലം അറിയിപ്പ് നൽകുക. കൂടാതെ സംസ്ഥാനത്തെ പൊതുവിപണിയിലെ വിലക്കയറ്റം, റേഷൻ കടകൾ, ഗ്യാസ് ഏജൻസികൾ, സപ്ലൈകോ ഔട്ട്ലെറ്റുകളിലെയും ഹോട്ടലുകളിലെയും വിലനിലവാരം, കോവിഡ് – 19 നിയന്ത്രണത്തിനാവശ്യമായ മാസ്ക്, സാനിട്ടൈസർ, പി.പി.ഇ കിറ്റ് എന്നിവ സംബന്ധിച്ച പരാതികൾ സ്വീകരിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ ശ്രദ്ധയിൽപെടുത്തുന്ന നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ